LIBRARY ARCHIVES Kerala Legislative Assembly

എസ്. പി.-മാർക്ക് ജൂഡീഷ്യൽ അധികാരം നൽകാനുള്ള നിർദ്ദേശം

*16 [316] ശ്രീ. എം. വി. ജയരാജൻ :
,, കെ. പി. സതീശ്ചന്ദ്രൻ :
,, രാജു എബ്രഹാം :
,, പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എസ്. പി.-മാർക്ക് ജൂഡീഷ്യൽ അധികാരം നൽകാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം എസ്. പി.-മാർക്കാണ് ഈ അധികാരം നൽകുവാൻ ഉദ്ദേശിക്കുന്നത്;

(സി) എസ്. പി.-മാർക്ക് ജൂഡീഷ്യൽ അധികാരം നൽകുവാൻ സർക്കാരിനെ പ്രേരിപ്പിച്ച കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ & ബി) സംസ്ഥാനത്തെ എല്ലാ എസ്. പി.-മാർക്കും ജൂഡീഷ്യൽ അധികാരം നൽകാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ പോലീസിനെ ശക്തമാക്കുവാൻ വേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണർക്ക് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അധികാരം നൽകുവാനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) ഇൻഡ്യയിലെ ഇതര മെട്രോപോളിറ്റൻ സിറ്റികളിൽ വർദ്ധിച്ചുവരുന്ന നഗര കുറ്റകൃത്യങ്ങൾ നേരിടുന്നതിനായി പൂർണ്ണ അധികാരത്തോട് കൂടിയ പോലീസ് കമ്മീഷണർമാരാണ് മേൽനോട്ടം വഹിക്കുന്നത്. ഈ സാഹചര്യത്തിലാണ് ഇതര സംസ്ഥാനങ്ങളിലേതുപോലെ പൊലീസ് അധികാരികൾക്ക് കൂടുതൽ അധികാരം നൽകുന്ന കാര്യം പരിഗണിക്കുവാൻ സർക്കാരിനെ പ്രേരിപ്പിച്ചിട്ടുള്ളത്.

വല്ലാർപ്പാടം പദ്ധതി

*17 [317] ശ്രീ. ടി. കെ. ദേവകുമാർ :
,, സാജുപോൾ :
,, കെ. രാധാകൃഷ്ണൻ :
,, എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപ്പാടം പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ ഉറപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിൽ രാജ്യരക്ഷാ മന്ത്രാലയം എന്തെങ്കിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ;

(ഡി) വല്ലാർപ്പാടം പദ്ധതി കേരളത്തിൽ കൊച്ചിയിൽ തന്നെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) വല്ലാർപ്പാടം പദ്ധതി നടപ്പിലായാൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) കൊച്ചിയിൽ വല്ലാർപ്പാടത്ത് ഒരു ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതു സംബന്ധിച്ച പ്രാരംഭ നടപടികളുടെ ഭാഗമായി ആഗോള തലത്തിൽ മുൻ നിശ്ചയിച്ച യോഗ്യതയുള്ള അപേക്ഷകരെ കണ്ടെത്തി അവരിൽനിന്നും ഒരു ഓപ്പറേറ്ററെ തെരഞ്ഞെടുക്കുവാനുള്ള നടപടികൾ തുടരുന്നതായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചു.

(ബി) ടെണ്ടർ ഉറപ്പിച്ച് നല്കിയിട്ടില്ല.

(സി) പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെർമിനൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം കൊച്ചി നാവിക വിമാനത്താവളത്തിന്റെ ഫ്ളയിംഗ് സോണിൽ പ്പെടുന്നതായതിനാൽ ചില എതിർപ്പുകൾ രാജ്യരക്ഷാമന്ത്രാലയത്തിൽനിന്ന് ഉണ്ടായിരുന്നെങ്കിലും 22-1-2003-ൽ പദ്ധതിക്കാവശ്യമായ ക്ളിയറൻസ് രാജ്യരക്ഷാമന്ത്രാലയം നൽകിയിട്ടുണ്ട്.

(ഡി) കൊച്ചിയിൽ വല്ലാർപ്പാടം എന്ന പ്രദേശത്താണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) ഇപ്പോൾ കൊളംബോ, സലാല, സിംഗപ്പൂർ, പോർട്ട് ക്ളാംഗ് എന്നീ സ്ഥലങ്ങൾ മുഖേന നടത്തുന്ന രാജ്യത്തെ കണ്ടെയ്നർ നീക്കങ്ങൾ ഈ ടെർമിനലിലൂടെ കൈകാര്യം ചെയ്യുവാൻ കഴിയുന്നതാണ്. ഇത് ഇൻഡ്യൻ കയറ്റുമതിക്കാർക്ക് സാമ്പത്തികലാഭം ഉണ്ടാക്കുന്നതും ഇത്തരത്തിൽ കുറഞ്ഞ ചാർജ് മാത്രം കയറ്റുമതിക്ക് ചെലവാകുന്നതിനാൽ അന്താരാഷ്ട്ര വിപണിയിൽ ഇൻഡ്യൻ നിർമ്മിത വസ്തുക്കൾ കുറഞ്ഞ നിരക്കിൽ നൽകുവാൻ കഴിയുന്നതും തന്മൂലം രാജ്യത്ത് ധാരാളം വിദേശനാണ്യം നേടിക്കൊടുക്കുന്നതുമാണ്. കൂടാതെ കൊങ്കൺ റെയിൽവേ വഴിയും മറ്റ് റെയിൽ വഴിയുമുള്ള ചരക്ക് ഗതാഗതം വർദ്ധിക്കുന്നതുമാണ്.

പദ്ധതി നടപ്പിലാക്കുന്നത് പ്രാദേശികമായ വികസനത്തിന് ഉതകുന്നതും ധാരാളം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതുമാണ്. കൊച്ചി തുറമുഖത്ത് ഏകദേശം 3000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റിന് സാദ്ധ്യതയുണ്ട്. അതോടൊപ്പം തന്നെ തുറമുഖ വികസനവുമായി ബന്ധപ്പെട്ട ഇതര വ്യവസായങ്ങളും വളരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly